**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5297** 26/03/2018 -ൽ മറുപടിയ്ക്ക്

## പരീക്ഷാഭവനിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ വലിയ തോതിൽ കാലതാമസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് : | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ് എസ് എൽ സി സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും പരീക്ഷാഭവനിൽ നൽകുന്ന അപേക്ഷകളിൽ തീർപ്പുകല്പിച്ച് സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് വലിയ തോതിൽ കാലതാമസം നേരിടുന്നുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സേവനാവകാശ നിയമപ്രകാരം സമയപരിധിക്കുള്ളിലും അടിയന്തിര സാഹചര്യങ്ങളിൽ സമയപരിധി നോക്കാതെയും സർട്ടിഫിക്കറ്റുകൾ നൽകാറുണ്ട്. |
| (ബി) സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ തിരുത്തി ലഭ്യമാക്കുന്നതിനും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സാധാരണയായി എസ് എസ് എൽ സി ഡ്യൂപ്ലിക്കേറ്റ് തീർപ്പാക്കുന്നതിന് 2000 മാർച്ച് വരെ പരീക്ഷയെഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 90 ദിവസവും 2001 മുതൽ പരീക്ഷയെഴുതിയവരുടെ സർട്ടിഫിക്കറ്റുകൾക്ക് 60 ദിവസവുമാണ് തീർപ്പാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റുകളിലെ പിശകുകൾ തിരുത്തി നൽകുന്നതിന് 2001 ന് മുമ്പ് 90 ദിവസവും 2001 മുതൽ 60 ദിവസവുമാണ് സമയപരിധി നിശ്ചയിച്ചിട്ടുള്ളത്. അടിയന്തിര സ്വഭാവമുള്ള അപേക്ഷകൾ ഉടൻ/കാലതാമസം കൂടാതെ തന്നെ തീർപ്പാക്കി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ